# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3426** **20-06-2018-ൽ മറുപടിക്ക്**

**ഡിജിറ്റൽ വ്യവസായ വികസനം**

**ചോദ്യം** **മറുപടി**

**ശ്രീ. റ്റി.വി.രാജേഷ്**
**,, ആന്റണി ജോൺ**
**ശ്രീമതി.വീണാ ജോർജ്ജ്**
**ശ്രീ.വി. കെ. സി. മമ്മത് കോയ**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | കേരളത്തിനു മാനവ വിഭവശേഷിയിലുള്ള മേൽക്കൈ മുതലാക്കി ഡിജിറ്റൽ വ്യവസായ വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ; | എ) | ഡിജിറ്റൽ രംഗത്തെ നൂതനാശയങ്ങൾക്കും, നിക്ഷേപങ്ങൾക്കും അനുകൂല ഹബ്ബായി സംസ്ഥാനത്തെ മാറ്റുന്നതിനായി നിരവധി പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ പുതിയ ഐ.ടി നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർത്താവിനിമയം ഉൾപ്പെടെ മറ്റു പ്രധാന മേഖലകളിൽ ഡിജിറ്റൽ രംഗത്തെ ഏറ്റവും പുതിയ പ്രവണതകൾ പൊതുജന സേവനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്ന-തിനായി ഒരു ഉപദേശക സമിതി (HPIC-Highpower IT Committee) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിവരസാങ്കേതിക വിദ്യ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച പ്രമുഖ വ്യക്തികൾ, പ്രമുഖ വ്യവസായികൾ, പ്രൊഫസർമാർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് രണ്ട് കൊല്ലത്തിൽ ഒരിക്കൽ കേരളത്തിൽ വെച്ച് |

| | | | |
|---|---|---|---|
| | | | ഹാഷ് ടാഗ് ഫ്യൂച്ചർ എന്ന ആഗോള സമ്മേളനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഐ ടി വ്യവസായം ആരംഭിക്കുന്ന സംരംഭകർക്കും, ഈ മേഖലയിൽ തൊഴിൽ അന്വേഷിക്കുന്നവർക്കും, ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരു പോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ(Centre of Excellence) സംസ്ഥാനത്തിലെ വിവിധ ഐ ടി പാർക്കുകളിൽ ആരംഭിക്കാൻ സർക്കാരിന്റെ ഐ ടി നയം അനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. തിരുവനന്തപുരം ടെക്നോപാർക്കിന്റെ ടെക്നോസിറ്റിയിൽ നോളഡ്ജ് സിറ്റി പദ്ധതിക്കായി മാറ്റിവെച്ചിരിക്കുന്ന 100 ഏക്കറിൽ ലോകത്തിലെ ഏറ്റവും വലിയ ഇലക്ട്രിക് വാഹന നിർമ്മാതാക്കളായ ജപ്പാനിലെ നിസ്സാൻ മോട്ടോഴ്സ് ലിമിറ്റഡിന്റെ നിസ്സാൻ ഡിജിറ്റൽ കാമ്പസ് ആരംഭിക്കുന്നതിനായി 30 ഏക്കർ ഭൂമിയും തുടർ വികസന പദ്ധതിക്കായി 40 ഏക്കർ ഭൂമിയും നൽകുന്നതുമായി ബന്ധപ്പെട്ടുള്ള ധാരണാപത്രവും, പാട്ടക്കരാറുകളും ഒപ്പു വെയ്ക്കുന്നതിന് ധാരണയായിട്ടുണ്ട്. ഡിജിറ്റൽ ടെക്നോളജി പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഡിജിറ്റൽ ഭരണ സംവിധാനം (ഇ-ഗവേണൻസ്), ഡിജിറ്റൽ സാക്ഷരത. ഡിജിറ്റൽ കൊമേഴ്സ് |

| | | | |
|---|---|---|---|
| | | | ഡിജിറ്റൽ ഇൻക്യൂഷൻ തുടങ്ങി നിരവധി മേഖലകളിൽ പുതിയ വ്യവസായ സാധ്യതകൾ കണ്ടെത്താനും സംസ്ഥാനത്ത് 3 പാർക്കുകളിൽ ഇത്തരം നൂതന ടെക്നോളജി ഏരിയ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനായി സൈബർ പാർക്കിന് മൊബൈൽ സൊല്യൂഷൻസിന്റെ ഹബ്ബായും ഇൻഫോ പാർക്കിന് IoT (Internet of Things) യും ടെക്നോപാർക്ക് നോളഡ്ജ് സിറ്റി ആന്റ് സെന്റർ ഓഫ് എക്സലൻസ് ആയി പ്രവർത്തിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>ഐ.ഐ.ഐ.ടി.എം-കേരളയെ Deemed University of De Nova Category with UGC approval ആക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ ക്യാമ്പസ് ഡിജിറ്റൽ വ്യവസായ വികസനത്തിന് ഒരു മുതൽ കൂട്ടായിരിക്കും. |
| ബി) | സംസ്ഥാന ഐ.ടി. മിഷനും സാങ്കേതിക ശാസ്ത്രഗവേഷണ സ്ഥാപനങ്ങളും ടെക്നോ പാർക്കുമായി സഹകരിച്ച് ഐ.സി.ടി. ഇന്നൊവേഷൻ സംവിധാനത്തിനു രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | ഐ.ഐ.ഐ.റ്റി-എം.കെ-യുടെ നേതൃത്വത്തിൽ മംഗലാപുരത്ത് സ്ഥാപിക്കുന്ന നോളജ് സിറ്റിയിൽ ബ്ലോക്ക് ചെയിൻ, സ്പെയ്സ് സയൻസ്, കൊഗ്നിറ്റീവ് ഫാബ്രിക്, ഐ.ഒ.റ്റി, ഇ-മൊബിലിറ്റി, സൈബർ സെക്യൂരിറ്റി തുടങ്ങി വിജ്ഞാനധിഷ്ഠിതമായ മേഖലകളിൽ ഐ.സി.ടി ഇന്നൊവേഷൻ സംവിധാനത്തിന് രൂപം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | ടെക്നോപാർക്കുകൾക്ക് പുറത്തുള്ള ചെറുകിട ഐ.ടി. സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ; | സി) | ഗവൺമെന്റ് ഐ.ടി പാർക്കുകൾക്ക് പുറത്തുള്ള ചെറുകിട ഐ.ടി പാർക്കുകൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ പുതിയ ഐ.ടി നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ഐ സി റ്റി മേഖലയുടെ വളർച്ചക്കായി കമ്പനികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുമെന്ന് ഐ റ്റി നയം വ്യക്തമാക്കിയിട്ടുണ്ട്. Special economic zone-ൽ സ്ഥിതി ചെയ്യുന്ന കമ്പനികൾ ഒഴികെ കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും (IT Service/ ITES/ Software/ Hardware units) ഈ ആനുകൂല്യങ്ങൾ ലഭ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ആനുകൂല്യങ്ങൾ കമ്പനികൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടി കേരള സ്റ്റേറ്റ് ഐ ടി മിഷനിൽ ഒരു പ്രത്യേക ഇൻവെസ്റ്റ്മെന്റ് ആന്റ് പ്രൊമോഷണൽ മാനേജ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റ്മെന്റ് ആന്റ് പ്രൊമോഷണൽ മാനേജ്മെന്റ് സെല്ലിലൂടെ പ്രധാനമായും സ്റ്റാൻഡേർഡ് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയാണ് നല്കി വരുന്നത്. ഐ റ്റി മിഷന്റെ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്ന സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി രണ്ടു രീതിയിലാണ് ലഭ്യമാകുന്നത്.<br>1. തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനികൾക്ക് 15 ലക്ഷം |

രൂപ വരെ ആനുകൂല്യം നൽകി വരുന്നതാണ്. Fixed capital investment-ന്റെ 30% എന്ന നിരക്കിലാണ് ഈ ആനുകൂല്യം നല്കുന്നത്.

2. ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനികൾക്ക് 25 ലക്ഷം രൂപ വരെ ആനുകൂല്യം നൽകി വരുന്നതാണ്. Fixed capital investment ന്റെ 50% എന്ന നിരക്കിലാണ് ഈ ആനുകൂല്യം നല്കുന്നത്.
3. മറ്റു ജില്ലകളിൽ പ്രവർത്തിക്കുന്ന കമ്പനികൾക്ക് 25 ലക്ഷം രൂപ അഥവാ fixed capital investment ന്റെ 40% എന്ന നിരക്കിലാണ് ആനുകൂല്യം നല്കുന്നത്.

ഈ പദ്ധതിയുടെ നടത്തിപ്പിനായി ഐ റ്റി മിഷൻ IPMC എന്ന പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. സംരംഭകർക്ക് ഈ പോർട്ടൽ വഴി IPMC യിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാണ്.

കൂടാതെ Technopark, Infopark, Cyberpark, Startup Mission, KSITIL, KSIDC, KFC മുതലായ സ്ഥാപനങ്ങളിലെ മേലധികാരികളെ IPMC യുടെ Co-ordinating Officer ആയി നിയമിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | പുതുതലമുറ വിജ്ഞാനാധിഷ്ഠിത ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽ സംരംഭം പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ? | ഡി) | ഉണ്ട്. പുതുതലമുറ വിജ്ഞാനധിഷ്ഠിതമായ ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽ ഐ.ഐ.ഐ.റ്റി-എം.കെ-യിൽ ഗവേഷണ പരിശീലന പദ്ധതികൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ